"CORRUPTION, A CRIME AGAINST NATION"


വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393

തീയതി 22 .07 .2023

## "അനധികൃത നിയമനം നടത്തിയ മുൻ എയ്ഡഡ് സ്കൂൾ പ്രിൻസിപ്പലിനെ വിജിലൻസ് കോടതി കഠിന തടവിന് ശിക്ഷിച്ചു"

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, അയണിവെളികുളങ്ങരയിലെ എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ 2004 ൽ അനധികൃതമായി നിയമനം നടത്തിയ കേസ്സിൽ മുൻ പ്രിൻസിപ്പൽ രമാ കുമാരിയെ തിരുവനന്തപുരം വിജിലൻസ് കോടതി കുറ്റക്കാരിയാണെന്ന് കണ്ടെത്തി ഏഴര വർഷം കഠിന തടവിനും 1,70,000/- രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (22/07/2023) ശിക്ഷിച്ചു.

2004-2009 കാലഘട്ടത്തിൽ കരുനാഗപ്പള്ളി അയണിവെളികുളങ്ങര യിൽ പ്രവർത്തിക്കുന്ന എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിലെ പ്രിൻസിപ്പൽ ആയിരുന്ന രമാകുമാരി, മാനേജർ K. R ശ്രീകുമാർ, എന്നിവരാണ് വ്യാജ രേഖയുണ്ടാക്കി കുട്ടികളുടെ എണ്ണം കൂടുതലായി കാണിച്ച്, അധിക തസ്തിക ഉണ്ടാക്കി അദ്ധ്യാപകരെ നിയമിച്ച് അവർക്കു ശമ്പളം നൽകിയത് വഴി സർക്കാരിന് 8,94,647 /- രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടാക്കിയ കേസ്സിലാണ് പ്രതികളെ കുറ്റക്കാരാണെന്ന് കണ്ടെത്തി ശിക്ഷിച്ചത്. കൊല്ലം വിജിലൻസ് യൂണിറ്റ് മുൻ ഡി. വൈ. എസ്. പി. ശ്രീ S. അനിൽ കുമാർ രജിസ്റ്റർ ചെയ്ത കേസ്സിൽ, കൊല്ലം വിജിലൻസ് യൂണിറ്റ് മുൻ ഡി. വൈ. എസ്. പി. മാരായ ശ്രീ റെക്സ് ബോബി അർവിൻ, ശ്രീ R. ജയശങ്കർ, ശ്രീ N. ജീജി എന്നിവർ അന്വേഷണം നടത്തി, കൊല്ലം വിജിലൻസ് യൂണിറ്റ് മുൻ ഡി. വൈ. എസ്. പി. മാരായ ശ്രീ P. D രാധാകൃഷ്ണപിള്ള, ശ്രീ K. അശോക് കുമാർ എന്നിവർ കുറ്റപത്രം നൽകിയ കേസുകളിലാണ്, ബഹു. തിരുവനന്തപുരം വിജിലൻസ് കോടതി ഇന്നേ ദിവസം ( 22/07/23) ഒന്നാം പ്രതിയായ മുൻ പ്രിൻസിപ്പൽ രമാകുമാരിയെ ഏഴര വർഷം കഠിന തടവിനും 1,70,000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചത്. രണ്ടാം പ്രതിയായ മാനേജർ K. R ശ്രീകുമാർ,

വിചാരണയ്ക്കിടെ മരണപ്പെട്ടതിനാൽ ശിക്ഷയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രോസിക്യൂഷനു വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. ഉണ്ണികൃഷ്ണൻ. ട. ചെറുന്നിയൂർ ആണ് ഹാജരായത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.